LIBRARY ARCHIVES Kerala Legislative Assembly

വായ്പാ വ്യവസ്ഥകൾ ഉദാരമാക്കാൻ നടപടി

24 [3309] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എത്ര സംരംഭങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മൊത്തം എത്ര തുക വായ്പയായി നൽകിയിട്ടുണ്ട്;

(സി) വായ്പാ വ്യവസ്ഥകൾ ഉദാരമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കാലയളവിൽ കെ.എഫ്.സി. ജപ്തി ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും 1826 സംരംഭങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്.

വർഷം	എണ്ണം
2001-2002	1130
2002-2003	696
ആകെ	1826

(ബി) മൊത്തം 319.55 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

വർഷം	രൂപ
2001-2002	163.82 കോടി
2002-2003	155.73 കോടി
ആകെ	319.55 കോടി

(സി) വായ്പാ വ്യവസ്ഥകൾ ഉദാരമാക്കാൻ വേണ്ട നടപടികൾ കാലാകാലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്ടിലെ 29-ാം വകുപ്പ് അനുസരിച്ച് 125 വ്യവസായ സ്ഥാപനങ്ങൾ ഈ കാലയളവിൽ ജപ്തി ചെയ്തിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യുടെ നിക്ഷേപ-വായ്പാ അനുപാതം

25 [3311] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, യു. സി. രാമൻ:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: